# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാവാലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## ആലപ്പുഴ-688001


**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.10/333/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവാലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.10/333/2022 തീയ്യതി: 27/03/2022

# ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന്

ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ . രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 06-01-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-12-2021 | 06-01-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബീന.എ.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീദേവി .ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രഞ്ജു പ്രകാശ് , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്ധ്യ രമേശ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| റാഷിദ.എ. | സെക്രട്ടറി | 01-04-2019 | 30-05-2019 |
| രാജശേഖരൻ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 02-10-2019 |
| റാഷിദ.എ. | സെക്രട്ടറി | 03-10-2019 | 11-12-2019 |
| രാജശേഖരൻ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-12-2019 | 20-01-2020 |
| അജിതകുമാരി.എൽ. | സെക്രട്ടറി | 21-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കെ ആന്റോ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ . ഷീജ വി.എം | വെറ്ററിനറി സർജ്ജൻ | 01-04-2019 | 02-08-2019 |
| ഡോ.ദീപ ജേക്കബ് | വെറ്ററിനറി സർജ്ജൻ | 03-08-2019 | 31-03-2020 |
| ശ്രീമതി റിനി എസ് ജി | ഐ. സി . ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ . നിതുൻ കബീർ | മെഡിക്കൽ ഓഫീസർ ,പി. എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ . ഹാരജ .എസ് . ആർ | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി. ഇന്ദിര റ്റി കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ . ഫസലുൽ റഹ്മാൻ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 01-04-2019 | 31-03-2020 |
| ശ്രീ . അനിൽകുമാർ | വി. ഇ.ഒ | 01-04-2019 | 28-11-2019 |

| | | | |
|---|---|---|---|
| ശ്രീ . അഖിൽ സെബാസ്റ്റ്യൻ | വി. ഇ.ഒ | 29-11-2019 | 31-03-2020 |
| ശ്രീ. രാജശേഖരൻ .എസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി .രാജി ആർ നായർ | ഡയറി എക്റ്റൻഷൻ ഓഫീസർ | 01-04-2019 | 07-02-2020 |
| ശ്രീ . സിനി എസ് നായർ | ഡയറി എക്റ്റൻഷൻ ഓഫീസർ | 08-02-2020 | 31-03-2020 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 11 | കമ്പ്യൂട്ടർ,പ്രിന്റർ -ലഭ്യമായില്ല | 1-10 |
| 12 | ആർ.ഒ.പ്ലാന്റ് നവീകരണം-ചെലവ് രേഖകൾ പൂർണ്ണമല്ല | 1-11 |
| 13 | വിവിധ വാർഡുകളിൽ ആർ.ഒ.പ്ലാന്റ്കൾക്ക് വൈദ്യുതികണക്ഷൻ-പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-12 |
| 14 | കെ.എസ്.ഇ.ബി.ലൈൻ മാറ്റി സ്ഥാപിക്കൽ-പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-13 |
| 15 | ആർ.ഒ.പ്ലാന്റ് വൈദ്യുതീകരണം-പ്രവൃത്തി പൂർത്തീകരിച്ച രേഖയില്ല | 1-14 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-15 |
| 17 | അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ-അപാകതകൾ | 1-16 |
| 18 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ- പെൻഷനറുടെ മരണാനന്തരവും അനുവദിച്ചുവരുന്നു | 1-17 |

| | | |
|---|---|---|
| 19 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തി - കൊട്ടേഷനില്ലാതെ നിർവ്വഹിച്ചു - കരാറുകാരന് പകരം തുക മേറ്റ് മാരുടെ അക്കൌണ്ടിൽ നിക്ഷേപിച്ച ശേഷം പണമായി വിതരണം ചെയ്തു - | 1-18 |
| 20 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല- | 1-19 |
| 21 | MGNREGS- കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി- | 1-20 |
| 22 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റ് പ്രവർത്തികൾക്ക് അധികം തുക ചെലവഴിച്ചു- | 1-21 |
| 23 | കയർഭൂവസ്ത്രം വിരിച്ചതിന് മുള വാങ്ങിയത് - കൊട്ടേഷനില്ലാതെ വാങ്ങൽ നടത്തി - | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല | 3-1 |
| 2 | MGNREGS- കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി- | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റ് പ്രവർത്തികൾക്ക് അധികം തുക ചെലവഴിച്ചു- | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ - വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 26.2.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,46,14,762 | 16,31,06,268 |
| വാർഷിക കണക്ക് പ്രകാരം | 5,08,38,656 | 27,83,995 |

ബജറ്റിലെ പ്രതീക്ഷിത വരവും ചെലവും വാർഷിക കണക്ക് (ഇൻകം & എക്സ്പെൻറീച്ചർ സ്റ്റേറ്റ് മെൻറ്) പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ വലിയ അന്തരമുണ്ട് . യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിയേ്ക്കണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ

1.MNREGS – ന്റെ മുന്നിരിപ്പ് തുക വാർഷിക കണക്ക് പ്രകാരം 22373രൂപയും കാഷ് ബുക്ക് പ്രകാരം 5016.7 രൂപയും ആണ്.

2.Contracters Retension എന്ന ഇനത്തിൽ 5727/- രൂപ ചെലവുണ്ട്. ഡിപ്പോസിറ്റ് രജിസ്റ്ററിൽ ടി ഇനം രേഖപ്പെടുത്തിയിട്ടില്ല. ടി ഇനത്തിൽ വാർഷിക കണക്കിൽ മുന്നിരിപ്പായോ വരവായോ തുക രേഖപ്പെടുത്തിയിയട്ടില്ല.

3.ഗ്രാന്റ് വരവ് - ചെലവ് പരിശോധിച്ചതിൽ , വികസന ഫണ്ടിനത്തിലെ ജി.ഒ പ്രോജക്റ്റ് വരവ് സംബന്ധിച്ച് ലഭ്യമാക്കിയ ഉത്തരവുകളിലെ തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിലെ തുകയുമായി യോജിക്കുന്നില്ല.

4.ബി ഫണ്ട് ഇനങ്ങളിലെ വാർഷികകണക്ക് , സേവന സോഫ്റ്റ്വെയറിലെ തുകകൾ എന്നിവ തമ്മിൽ യോജിക്കുന്നില്ല.

| ഇനം | സേവന സോഫ്റ്റ്വെയറിലെ തുകകൾ | വാർഷിക കണക്കിലെ തുകകൾ |
|---|---|---|
| Old Age Pension | 5922600 | 2574600 |
| | | |

| | | |
|---|---|---|
| Agricultureе Labour Pension | 8106600 | 3550200 |
| Widow Pension | 3017400 | 1417200 |
| Pension For The Unmarried Women Above 50years | 326400 | 147600 |

5.താഴെപ്പറയും പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുന്നിരിപ്പ് തുകകൾ , വാർഷികകണക്കിലെ മുന്നിരിപ്പ് തുകകൾ എന്നിവ തമ്മിൽ യോജിക്കുന്നില്ല.

| ഇനം | രജിസ്റ്ററിലെ തുകകൾ | വാർഷികകണക്കിലെ തുകകൾ |
|---|---|---|
| സപ്ലെയേഴ്സ് ഇ.എം.ഡി | 17020 | 3445 |
| ബിഡേഴ്സ് ഇ.എം.ഡി | 208080 | 183816 |
| സപ്ലെയേഴ്സ് എസ്.ഡി | 19800 | 58555 |
| ഡിപ്പോസിറ്റ് റിസീവ്ഡ് ഫ്രം അദേഴ്സ് | 22500 | 23500 |

6.മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം (B-15) ലഭിക്കാനുള്ളതായി കാണിച്ചിട്ടുള്ള വസ്തു നികുതി അരിയർ ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഈ വർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18പ്രകാരം പ്രയർ പിരീഡ് ഇൻകം ആയി 36704/- രൂപ ചേർത്ത് ഒഴിവാക്കിയിട്ടുണ്ട് . ഇത് സംബന്ധിച്ച് വിശദമായ നോട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ - നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 66041/- രൂപ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നുള്ളതിന് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 01.06.2020 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7184176 |
| വരവ് | 43654480 |
| ആകെ | 50838656 |
| ചെലവ് | 42783995 |
| നീക്കിയിരിപ്പ് | 8054661 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് **(എ.സി. ആർ പ്രകാരം)** | ആകെ | ചെലവ് **(എ.സി.ആർ പ്രകാരം)** | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18402739 | 18402739 | **7920893** | 10481846 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3342000 | 3342000 | **1124727** | 2217273 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2658000 | 2658000 | 2042865 | 615135 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 1676470 | 1574530 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | | 7774917 | 7774917 | 4180664 | 3594253 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 140 | 77481508 | 46 | 29228383 | 39 | 55 | 32.08 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22373 | 1370959 | 1393332 | 970594 | 422738 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27603970 | 27603970 | 27603970 | |
| ആകെ | 22373 | 28974929 | 28997302 | 28574564 | 422738 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68160 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 8106600 | 2988 |
| വിധവാപെൻഷൻ | 3017400 | 1096 |
| വാർദ്ധക്യകാലപെൻഷൻ | 5922600 | 2286 |
| വികലാംഗപെൻഷൻ | 1647600 | 582 |
| അവിവാഹിത പെൻഷൻ | 326400 | 116 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

വാർഷിക കണക്കും സേവനയിൽ നിന്നുള്ള ക്ഷേമ പെൻഷൻ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ വാർഷിക കണക്കിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന , 27.12.2021, 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 4675/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം ആകെ ജീർണ്ണിച്ച് നാശോന്മുഖമായഅവസ്ഥയിലാണ്. നിലവിൽ ഫിറ്റ്നസ് പോലുമില്ലാത്ത ഈ കെട്ടിടത്തിലാണ് അനുബന്ധ ഘടക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ടി പരിമിതികൾക്കുള്ളിലാണ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല..

3. കമ്പ്യൂട്ടർ, ഫർണിച്ചർ , സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക

സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കംമ്പ്യൂട്ടർ, ഫർണിച്ചർ സ്റ്റേഷനറീസ് എന്നിവയ്ക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

7.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2019-20 വർഷം നിരവധി കോൺക്രീറ്റ് റോഡുകളും, ടാർ റോഡുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10.വാട്ടർ ചാർജ്ജിനത്തിൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ഉള്ളവയുടെ എണ്ണത്തിന്റെ പതിന്മടങ്ങ് എണ്ണത്തിന്റെ ചാർജജ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് ചെയ്യപ്പെടുന്നു. സംയുക്ത പരിശോധന നടത്തി ചാർജ്ജ് കുറയ്ക്കന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. .

11.ഇൻകുമ്പൻസി രജിസ്റ്റർ ഓഡിറ്റ് കാലയളവിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

12.തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ യഥാർത്ഥത്തിൽ ഉള്ളവയുടെ എണ്ണത്തിന്റെ മൂന്നിരട്ടിയാണ് ഓഡിറ്റ് വർഷം ഒടുക്കിക്കൊണ്ടിരുന്നത്. ഭീമമായ തുക ഈയിനത്തിൽ പഞ്ചായത്തിന് നഷ്ടമുണ്ടായി.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## <u>1-10 കമ്പ്യൂട്ടർ,പ്രിന്റർ -ലഭ്യമായില്ല</u>

പ്രോജക്ട് നം - S 0153/20

പ്രോജക്ടിന്റെപേര് - എ.ഇ.ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 65000/-

KSEDC LTD IT BUSINESS GROUP,KELTRON HOUSE, തിരുവനന്തപുരത്തിന്റെ 8.11.19 ലെ TVM/ITBGPI/RC/11005/17-18 നം. പ്രൊഫോർമ ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|---|
| 1 | A4 Multi Function Printer | 14726 | 1 | 14726 |
| 2 | Desktop-Intel Processor-Mediumend-Windows10 | 40129 | 1 | 40129 |
| ആകെ | | | | 54855 |

ഇൻവോയ്സ് പ്രകാരം 1കമ്പ്യൂട്ടറിന്റെയും 1 പ്രിന്ററിന്റെയും വിലയായ 54855/-രൂപ കേരള സ്റ്റേറ്റ് ഐ.ടി.മിഷന് നൽകി.( ബിൽ നം.22/19-20/23.11.19 തുക.54855/-).

KSEDC ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സിന്റെ വിവരം ചുവടെ ചേർക്കുന്നു.(GST Invoice Srl No-PYSI20041117/25.1.21).

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | IGST(18%) | തുക |
|---|---|---|---|---|---|
| 1 | Acer Computer System | 1 | 32700 | 5886 | 38586 |
| TCS | | | | | 28.94 |
| ആകെ | | | | | 38614.94 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1)23.11.19 ലെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള വിലയായ 40129/-രൂപ കമ്പ്യൂട്ടറിന് നൽകി. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം 38615/- രൂപയാണ് കമ്പ്യൂട്ടറിന്റെ വില. 1514/-രൂപ അധികം നൽകി.

2)കമ്പ്യൂട്ടർ സ്റ്റോക്കിലെടുക്കുകയോ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് നൽകുകയോ ചെയ്തിട്ടില്ല.

3) പ്രിന്ററിനുള്ള തുകയായ 14726/-രൂപ 23.11.19 ൽ നൽകിയെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/2019-20/ തീയതി. 4.1.22)മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 54855/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-11 ആർ.ഒ.പ്ളാന്റ് നവീകരണം-ചെലവ് രേഖകൾ പൂർണ്ണമല്ല.

പ്രോജക്ട് നം - S 0099/20

പ്രോജക്ടിന്റെപേര് - ആർ.ഒ.പ്ളാന്റ് നവീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 55400/-

ധനകാര്യകമ്മീഷൻഅവാർഡ് - 150000/-

ആകെ അടങ്കൽ - 205400/-

പ്രവൃത്തിക്കായി കുറഞ്ഞ ടെൻഡർ സമർപ്പിച്ച ഓംകാര അകപാടെക്,അവലുക്കുന്ന്.പി.ഒ,ആലപ്പുഴയെ പ്രവൃത്തി ചെയ്യുന്നതിനായി 20.11.19 ലെ 1(3) നം.തീരുമാനപ്രകാരം അംഗീകരിച്ചു.

ഓംകാരയുടെ 12.2.20 ലെ B24/12022020 നം.ബില്ല് പ്രകാരമുള്ള തുക നൽകി(ബിൽ നം.39/19-20/16.3.20 തുക.44230/-).ആയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| എണ്ണം | ഇനം | തുക |
|---|---|---|
| 4 | RO Plant Reconditioning Material And Labour | 36268.60 |
| | CGST 9% | 3980.70 |
| | SGST 9% | 3980.70 |
| Total | | 44230 |

അപാകതകൾ താഴെ ചേർക്കുന്നു.

ആർ.ഒ.പ്ളാന്റ് നവീകരണവുമായി ബന്ധപ്പെട്ട് മേൽ ചേർത്തിരിക്കുന്ന ബില്ല് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 2,3,5,6,7,8,9,12 വാർഡുകളിലെ ആർ.ഒ.പ്ളാന്റ് നവീകരണം ആണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ഏത് വാർഡിൽ പ്രവൃത്തി ചെയ്തു എന്നതിന്റെ വിവരങ്ങൾ ഇല്ല. മോണിട്ടറിംഗ് റിപ്പോർട്ട്,എന്തൊക്കെ പ്രവർത്തികളാണ് നിർവ്വഹിച്ചത് എന്നത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(നം.8/2019-20/തീയതി.4.1.22) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 44230/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-12 വിവിധ വാർഡുകളിൽ ആർ.ഒ.പ്ളാന്റ്കൾക്ക് വൈദ്യുതികണക്ഷൻ- പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം - S 0151/20

പ്രോജക്ടിന്റെപേര് - വിവിധ വാർഡുകളിൽ ആർ.ഒ.പ്ളാന്റ്കൾക്ക് വൈദ്യുതികണക്ഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 40000/-

വിവിധ വാർഡുകളിൽ ആർ.ഒ.പ്ളാന്റ്കൾക്ക് വൈദ്യുതികണക്ഷൻ നൽകുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

കെ.എസ്.ഇ.ബി,മങ്കൊമ്പിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 57041044890 നമ്പർ അക്കൗണ്ടിലേക്ക് 35694/-രൂപ നൽകി.(ബിൽ നം.15/19-20/30.9.19 തുക.35694/-).

അപാകതകൾ താഴെ ചേർക്കുന്നു.

1)കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് ഹാജരാക്കിയില്ല.
2)പ്രവൃത്തി ചെയ്തു എന്നതിന്റെ വിവരങ്ങൾ ഇല്ല.

3)മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

4)പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക്(നം. 14/2019-20/ തീയതി. 4.1.22)മറുപടി ലഭ്യമാക്കിയില്ല. ആർ.ഒ.പ്ളാന്റ് വൈദ്യുതികണക്ഷന് വേണ്ടി എസ്റ്റിമേറ്റ് പോലും തയ്യാറാക്കി നൽകാതെ കെ.എസ്.ഇ.ബി.ക്ക് തുക നൽകി. പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 35694/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 കെ.എസ്.ഇ.ബി.ലൈൻ മാറ്റി സ്ഥാപിക്കൽ-പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം - S 0172/20

പ്രോജക്ടിന്റെ പേര് - കെ.എസ്.ഇ.ബി.ലൈൻ മാറ്റി സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 38000/-

തട്ടാശ്ശേരി എയറോബിക് യൂണിറ്റിന് മുകളിലൂടെ കടന്നുപോകുന്ന കെ.എസ്.ഇ.ബി.ലൈൻ മാറ്റി സ്ഥാപിക്കുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, മങ്കൊമ്പ് തയ്യാറാക്കിയ 35172/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകി.(ബിൽ നം.24/19-20/23.11.19 തുക.35172/-).

അപാകതകൾ താഴെ ചേർക്കുന്നു.

1)പ്രവൃത്തി ചെയ്തതിന്റെ വിവരങ്ങൾ ഇല്ല.

2) മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3)പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക്(നം.13/2019-20/തീയതി. 4.1.22 )മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 35172/-രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-14 ആർ.ഒ.പ്ളാന്റ് വൈദ്യുതീകരണം-പ്രവൃത്തി പൂർത്തീകരിച്ച രേഖയില്ല</u>

പ്രോജക്ട് നം - S 0154/20

പ്രോജക്ടിന്റെപേര് - വിവിധ വാർഡുകളിൽ ആർ.ഒ.പ്ളാന്റ് വൈദ്യുതീകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 125000/-

1,3,4,6,11 വാർഡുകളിലെ ആർ.ഒ.പ്ളാന്റ് വൈദ്യുതീകരണം ആണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

6-ാം വാർഡിലെ ആർ.ഒ.പ്ളാന്റ് കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തുന്നതിനായി എസ്റ്റിമേറ്റ് എടുത്ത് നൽകണമെന്ന് സെക്രട്ടറി 30.11.19 ലെ പി.എൽ.3435/18 നമ്പർ കത്ത് പ്രകാരം ആലപ്പുഴ പി.ഡബ്ള്യു.ഡി.ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടത് പ്രകാരം 27.1.20 ൽ 2020/370 നം.കത്തൊന്നിച്ച് 38400/-രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി. അതിന്റെയടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ക്ക് 38400/-രൂപ നൽകി(ബിൽ നം.33/19-20/18.2.20 തുക.38400/-).

അപാകതകൾ താഴെ ചേർക്കുന്നു.

1)പ്രവൃത്തി ചെയ്തതിന്റെ വിവരങ്ങൾ ഇല്ല.

2) മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3)പ്രവൃത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക്(നം.7/2019-20/ തീയതി.4.1.22)മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 38400/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം. - S0010/20 വിദ്യാർത്ഥികൾക്ക് പഠനമുറി(എസ്.സി)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 1519000 വികസന ഫണ്ട് -എസ്.സി.പി ചെലവ് - 550000

1.350000 ബിൽ നം.07/12.11.2019

2.50000 ബിൽ നം.08/03.12.2019

3.100000 ബിൽ നം.09/03.12.2019

4.50000 ബിൽ നം.16/25.02.2020

വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 50000/- രൂപ വീതം മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/ ബിൽ നം./ തീയതി |
|---|---|---|
| 1 | അനുഗ്രഹ് കുമാർ, വാർഡ് നം.8 | 50000/-ബിൽ നം. 07/12.11.2019 |
| 2 | സിന്ധു ബിജു- | 50000/-ബിൽ നം. 07/12.11.2019 |
| 3 | ലക്ഷ്മി | 50000/-ബിൽ നം. 07/12.11.2019 |

| | | |
|---|---|---|
| 4 | സുജാത കെ- | 50000/- ബിൽ നം.07/12.11.2019 |
| 5 | അമ്മുക്കുട്ടി കുഞ്ഞുകുഞ്ഞ്- | 50000/- ബിൽ നം.07/12.11.2019 |
| 6 | സുഗുണൻപി.ജി | 50000/-ബിൽ നം. 07/12.11.2019 |
| 7 | സുനിത തങ്കച്ചൻ | 50000/-ബിൽ നം. 07/12.11.2019 |
| 8 | അജിമോൾ എം.സി. | 50000/-ബിൽ നം.09/03.12.2019 |
| 9 | പ്രസന്ന | 50000/-ബിൽ നം.09/03.12.2019 |
| 10 | സുഗുണൻ പി.ജി | 50000/-ബിൽ നം.16/25.02.2020 |
| 11 | ലക്ഷ്മിക്കുട്ടി എസ്- | 50000/- ബിൽ നം.08/03.12.2019 |
| | ആകെ | 550000/- |

പ്രസ്തുത ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04തീയതി 30.12.2021) ക്രമ നം.1,2,4,5,7,11 എന്നീ ഗുണഭോക്താക്കൾ 2020-21 വർഷം പഠനമുറി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും അനുഗ്രഹ് കുമാർ, സുനിത തങ്കച്ചൻ എന്നിവരുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മുൻകൂർ തുക കൈപ്പറ്റിയ ബാക്കി 9 ഗുണഭോക്താക്കളുടെയും പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 450000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) 1519000/-രൂപ അടങ്കൽ തുക വകയിരുത്തിയ പ്രോജക്ടിൽ നിന്നും 550000/-രൂപ മാത്രമാണ് ചെലവഴിച്ചത്. സർക്കാർ ഉത്തരവ് പ്രകാരം പഠനമുറി നിർമ്മാണത്തിനായി 200000/- രൂപ അനുവദിക്കാമെന്നിരിക്കെ പല ഗുണഭോക്താക്കൾക്കും 100000/- രൂപയോളംമാത്രം ചെലവഴിച്ചതിന് ശേഷം നിർമ്മാണം പൂർത്തിയായി എന്ന് വാലുവേഷൻ നൽകി പ്രവർത്തി അവസാനിപ്പിച്ചിരിക്കുകയാണ്. എന്നാൽ ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ഈ ഗുണഭോക്താക്കളുടെ പഠനമുറിയുടെ ഫോട്ടോ പ്രകാരം ഇവ ഭാഗികമായി മാത്രം നിർമ്മാണം

പൂർത്തീകരിച്ചിരിക്കുകയാണ്.പലതിനും, ഭിത്തി തേച്ചിട്ടില്ല, വാതിൽ പിടിപ്പിച്ചിട്ടില്ല, മേൽക്കൂര ടിൻ ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ചതായും ആണ് ഫോട്ടോയിൽ കാണുന്നത്. ഗുണഭോക്താവിന് അർഹമായ തുക അനുവദിച്ചിരുന്നുവെങ്കിൽ ടി പ്രവർത്തികളെല്ലാം പൂർത്തിയാക്കാനാകുമെന്നിരിക്കെ, ഇപ്രകാരം ഭാഗികമായി തുക അനുവദിച്ചത് മൂലം പദ്ധതി ലക്ഷ്യം പൂർണ്ണമായി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-16 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ-അപാകതകൾ

പ്രോജക്റ്റ് നം - S 0134/20(സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 18000/-

മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 4470/-

ആകെ അടങ്കൽ - 22470/-

പ്രവൃത്തിക്കായി കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ,മങ്കൊമ്പിന്റെ ഡിമാന്റ് നോട്ട് പ്രകാരം17782/-രൂപ നൽകി(ബിൽ നം.6/19-20/1.7.19 തുക.17782/-).അപാകതകൾ താഴെ ചേർക്കുന്നു.

1)പ്രവൃത്തി ചെയ്തതിന്റെ വിവരങ്ങൾ ഇല്ല.

2)മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.

3)പ്രവർത്തി പൂർത്തീകരിച്ച സാക്ഷ്യപത്രം ഇല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5 /2019-20/ തീയതി. 4.1.22)മറുപടി ലഭ്യമാക്കിയില്ല. അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷന് വേണ്ടി എസ്റ്റിമേറ്റ് പോലും തയ്യാറാക്കി നൽകാതെ കെ.എസ്.ഇ.ബി.ക്ക് തുക നൽകി. പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 17782/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 സാമൂഹ്യ സുരക്ഷ പെൻഷനുകൾ- പെൻഷനറുടെ മരണാനന്തരവും അനുവദിച്ചുവരുന്നു

സാമൂഹ്യ സുരക്ഷ പെൻഷനുകൾ, പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക്

ഇതിനാൽ തന്നെ മരണശേഷവും തുക ക്രഡിറ്റാകുന്നു. സഹകരണബാങ്കുകൾ മുഖേന/ ഡയറക്റ്റ് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന്റെ മരണാനന്തരവും പെൻഷൻ സസ്പെന്റ് ചെയ്യപ്പെടാതെ ആക്റ്റീവായി തുടർന്നതിനാൽ ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. കൂടാതെ സഹകരണബാങ്കുകൾ മുഖേന/ ഡയറക്റ്റ് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. അതിന്റെ കൃത്യത- തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2019-20 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്കായി അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്കു് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും
കാണുന്നുണ്ട്. (05/2021 വരെ)

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സൊസൈറ്റികളിലേക്ക് കൈമാറിയവ-

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ശാന്തമ്മ വിശംഭരൻ, പൈങ്ങോട്ട് പറമ്പ് | വാർദ്ധക്യ കാല പെൻഷൻ | 104610100916 Kainady SCB 3814 | 24.01.2020 | 02/2020 മുതൽ 05 /2021 വരെ | 27000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അന്നമ്മ ജെയിംസ്, മുട്ടുങ്കൽ വീട് | വാർദ്ധക്യകാല പെൻഷൻ | 104610<br>20<br>0538<br>Kainady SCB 3814 | 27.01.20 | 02/2020 മുതൽ 08/2021 വരെ | 27100 |
| 3 | ഗോപാലകൃഷ്ണൻ, മഠത്തിശ്ശേരി | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ | 104610<br>400168<br>Kainady SCB 3814 | 31.03.20 | 04/2020 മുതൽ 05/2021 വരെ | 24600 |
| | ആകെ | | | | | 78700 |

ബാങ്ക് മുഖേന വ്യക്തിഗത അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടത്-

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാല യളവിൽ വിതരണ ത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | തിലകമ്മ ചെല്ലപ്പൻ, കൊണ്ടകശ്ശേരി | കർഷക തൊഴിലാളി പെൻഷൻ | 1046101<br>00426<br>ബാങ്ക്A/C | 26.12.2019 | 01/2020 മുതൽ 05 /2021 വരെ | 24600 |

| | | | | | | |
|---|---|---|---|---|---|---|
| | | | 1053010 0023898 (FDRL0 001053) | | | |
| 2 | രത്നമ്മ, അറയ്ക്കൽ വീട് | കർഷക തൊഴിലാളി പെൻഷൻ | 104610 100851 ബാങ്ക്A/C 6735321 5543 (SBIN00 70229) | 01.02.2020 | 02/2020 മുതൽ 05/2021 വരെ | 22200 |
| 3 | പി.എൻ.ഗോപിനാഥൻ, പത്തിൽ വീട് | വാർദ്ധക്യ കാല പെൻഷൻ | 104610 200068 ബാങ്ക്A/C 10530100 146798 (FDRL0001053) | 29.02.2020 | 03/2020 മുതൽ 05/2021 വരെ | 03/20& 04/20ലെ തുക 3000/- അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | നാരായണൻ, പയ്യംപള്ളിശ്ശേരി | കർഷക തൊഴിലാളി | 104610100048 10530100124829 | 08.03.2020 | 03/2021 മുതൽ | 21000 |

| | | | | | | |
|---|---|---|---|---|---|---|
| | | പെൻഷൻ | (FDRL0001053) | | 05/2021 വരെ | |
| 5 | കൃഷ്ണൻ പുരുഷൻ, കണ്ണുവീട്ടിൽ പത്തിൽ | വാർദ്ധക്യകാല പെൻഷൻ | 104610200056 67304902746 (SBIN0070229 | 29.03.2020 | 04/2020 മുതൽ 05/2021 വരെ | 21200 |
| | ആകെ | | | | | 92000 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, കാവാലം ഗ്രാമ പഞ്ചായത്തിന്റെ
മരണ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ മരണപ്പെട്ട, കാവാലം ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമുഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേരു് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം അനർഹമായ കാലയളവിലേക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക 170700/-രൂപ ഡിബിറ്റി സെല്ലിൽ തിരികെ ഒടുക്കി, കൃത്യമായ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-18 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തി - ക്വട്ടേഷനില്ലാതെ നിർവ്വഹിച്ചു - കരാറുകാരന് പകരം തുക മേറ്റ് മാരുടെ അക്കൌണ്ടിൽ നിക്ഷേപിച്ച ശേഷം പണമായി വിതരണം ചെയ്തു -</u>

2019-20വർഷം വിവിധ വാർഡുകളിൽ നടത്തിയിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി ഒരു ബോർഡിന് 4500/- രൂപ വീതം ചെലവഴിക്കുകയും ഈ തുക മേറ്റ് മാർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തുക മേറ്റുമാരുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ഈ തുക മേറ്റ് മാർ ബോർഡ് സ്ഥാപിച്ചതിന് കൂലിയിനത്തിൽ തുക കൈപ്പറ്റി എന്നുള്ള വൌച്ചറിന്റെ അടിസ്ഥാനത്തിൽ മറ്റൊരാൾക്ക് നൽകിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒരു പ്രവർത്തിയിൽ പോലും, ടി ആളുകളുടെ അക്കൌണ്ടിലേക്കല്ല തുക നൽകിയിട്ടുള്ളത്. ഒരു പ്രവർത്തിയിൽ പോലും ബോർഡ് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടില്ല. ഇപ്രകാരം ക്വട്ടേഷനില്ലാതെ പ്രവർത്തി നിർവ്വഹിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായും കാണുന്നില്ല.പിന്നെ എന്തടിസ്ഥാനത്തിലാണ് ഒരു ബോർഡിന് 4500/- രൂപ എന്ന നിരക്ക് നിശ്ചയിച്ചത് എന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.16/2019-20/തീയതി.06.01.2022) ലഭ്യമാക്കിയ മറുപടിയിൽ 14-09-18 ലെ 2679/ഇ.ജി.എസ്സ്-സി/17/ആർ.ഇ.ജി.എസ്സ് ഉത്തരവ് പ്രകാരം 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താം എന്നതിനാലാണ് ക്വട്ടേഷനില്ലാതെ ബോർഡ് സ്ഥാപിക്കുന്ന പ്രവർത്തികൾ മേറ്റുമാർ മുഖേന നടത്തിയതെന്നും, ആയതിനാലാണ് തുക മേറ്റുമാരുടെ അക്കൌണ്ടിലേക്ക് നൽകുന്നതെന്നും, ഇനിയുള്ള പ്രവർത്തികൾ കുടുംബശ്രീ മുഖേന നടത്തുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (പി) 177/06 Fin.Dt. 12-04-06 ലെ ഉത്തരവു പ്രകാരം 1000/- രൂപയക്ക് മേലുള്ള തുകകൾ പണമായി നൽകാൻ പാടില്ലായെന്നിരിക്കെ, ആയതിന് വിരുദ്ധമായി മൂന്നാമതൊരു വ്യക്തിക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ പണം നൽകി എന്നത് അംഗീകരിക്കാവുന്നതല്ല.മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ സൂചിപ്പിച്ച പോലെ 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താമെങ്കിലും, ഏകദേശം 100 ലേറെ പ്രവർത്തികൾ ഒരുമിച്ച് നിർവ്വഹിക്കുമ്പോൾ, ആയത് ക്വട്ടേഷനിലൂടെ നിർവ്വഹിച്ചാൽ മത്സരാധിഷ്ഠിത ക്വട്ടേഷനിലൂടെ കുറഞ്ഞ നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കപ്പെടാനും, അതിലൂടെ ഈയിനത്തിലെ അധിക ചെലവ് ഒഴിവാക്കാനും കഴിയുമായിരുന്നു. എന്നാൽ ആയത് ചെയ്യാതെ പ്രവർത്തി നിർവ്വഹിച്ചത് നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുത്തുന്ന നടപടിയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ രീതിയിലുള്ള പണം കൈമാറ്റത്തിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോയെന്നത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല-

1961 ലെ കേന്ദ്ര ആദായനികുതി നിയമത്തിലെ 194 (C) വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് കരാറുകാരനിൽ നിന്നും1% ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കാവാലം ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് മെറ്റീരിയൽ സപ്ലൈചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. ഇപ്രകാരം ആദായനികുതി ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയ ചില പ്രവർത്തികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദവിവരം | സപ്ലൈചെയ്ത മെറ്റീരിയലിന്റെ ആകെ തുക | ഈടാക്കേണ്ട ആദായ നികുതി | നൽകിയ തുകയുടെ വിശദവിവരം |
|---|---|---|---|
| 3-ാം വാർഡിൽ വാടപ്പറമ്പ് മുതൽ സൊസൈറ്റി വരെ റോഡ് കോൺക്രീറ്റിംഗ്. വർക്ക് കോഡ് നം.RC-292405 കരാറുകാരൻ - ശ്യാംകുമാർ.വി.സി അളവു പുസ്തകം - 206/19-20 | 283786/- | 2837/- | FTO-42759/15.05.20 (ക്യൂബിൽ) |
| 11-ാം വാർഡിൽ മൂലശ്ശേരി മുതൽ ബോർമ്മ പാലം വരെ കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-278160 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ | 350068/- | 3501/- | FTO-531027/28.01.20 |

| | | | |
|---|---|---|---|
| അളവു പുസ്തകം - 136/19-20 | | | |
| 5-ാം വാർഡിൽ തട്ടാന്തറ മുതൽ ഗവ.ആശുപത്രി<br>വരെ റോഡ് കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-306892<br>കരാറുകാരൻ - ജോമോൻ തോമസ്.<br>അളവു പുസ്തകം - 253/19-20 | 385463/- | 3854/- | FTO-42855/15.05.20 (ക്യൂബിൽ) |
| 4-ാം വാർഡിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം.<br>വർക്ക് കോഡ് നം.RC-276615<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 63/19-20 | 323273/- | 3232/- | FTO-396394/03-12-19 |
| 11-ാം വാർഡിൽ LFH ഗ്രൌണ്ട് മുതൽ നാലുപറ | 310004/- | 3100/- | FTO-531049/28.01.20 |

| | | | |
|---|---|---|---|
| കുഞ്ഞുമോൻ വരെ റോഡ് കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-292700 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ അളവു പുസ്തകം - 138/19-20 | | | |
| | | 16524/- | |

മേൽ രേഖപ്പെടുത്തിയ പ്രകാരം ആദായ നികുതി കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/2019-20/തീയതി.05.01.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 16524/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ (MGNREGS) എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-20 MGNREGS- കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി-

2019-20 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭൂവസ്ത്രം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനെക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ

അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 66.666 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദ വിവരം/ വർക്ക് കോഡ് / M-Book No./ | ഭൂവസ്ത്രം വാങ്ങിയത്. (ചതു.മീറ്റർ) | $1m^2$ വിരിക്കുന്നതിന് $1.05m^2$ എന്ന നിരക്കിൽ ഭൂവസ്ത്രം വിരിക്കാവുന്ന പരമാവധി വിസ്തൃതി.($M^2$) (ഭൂവസ്ത്രത്തിന്റെ അളവ്/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|---|
| 1 | 12-ാംവാർഡ് തിരുവിളങ്ങാട് മുതൽ തോപ്പിൽ വരെ കട്ടക്കുഴി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353125, 41/2019-20 | 1600 | 1523 | 106665 | 101532 | 5133 | FTO- No. 410053/08.12.19/ Rs.109200/- |
| 2 | 11-ാംവാർഡ്40ൽ മുതൽ കുന്നുമ്മത്ര ചിറത്തറവരെ പാത്തടി പാടശേഖരത്തിന്റെ | 1200 | 1142 | 79999 | 76132 | 3867 | FTO- No. 410053/08.12.19/ Rs.81900/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353177, 47/2019-20 | | | | | | |
| 3 | 11-ാംവാർഡ് ചിറത്തറ മുതൽ വികാസ് റോഡ് വരെ പാത്തടി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353179, 44/2019-20 | 1400 | 1333 | 93332 | 88865 | 4467 | FTO- No. 410053/08.12.19/ Rs.95550/- |
| 4 | 11-ാംവാർഡ് മണലേരിക്കൽ മുതൽ വികാസ് റോഡ് വരെ പാത്തടി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353178, 46/2019-20 | 1300 | 1238 | 86665 | 82532 | 4133 | FTO- No.410053/08.12.19/Rs.88725/- |
| | ആകെ | | | | | 17600 | |

അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.16/2019-20/തീയതി.06.01.2022) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ വേതനം തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-21 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റ് പ്രവർത്തികൾക്ക് അധികം തുക ചെലവഴിച്ചു-

1. 40mm മെറ്റൽ ഉപയോഗിച്ചു കോൺക്രീറ്റിംഗ് പ്രവർത്തികളിൽ വോയിഡ്സ് കുറവ് ചെയ്യാതെ തുക നൽകി-

MGNREGS ൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ കോൺക്രീറ്റിംഗ് പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്യാതെ തുക നൽകിയത് മൂലം അധിക ചെലവുണ്ടായതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദാംശം. | ബിൽ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത 40 Mm മെറ്റലിന്റെ അളവ്./ നിരക്ക്/ നൽകിയ തുക | എം ബുക്കിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 40 Mm മെറ്റലിന്റെ അളവ്. | 7.5% വോയിഡ്സ് കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവ്/ തുക | അധികം നൽകിയ തുകയുടെ വിവരം |
|---|---|---|---|---|
| 3-ാം വാർഡിൽ വാടപ്പറമ്പ് മുതൽ സൊസൈറ്റി വരെ റോഡ് കോൺക്രീറ്റിംഗ്. വർക്ക് കോഡ് നം.RC-292405 | 22.54/$M^3$/ 2053.57/$M^3$/ 43350/- | 21.11$m^3$ | 20.84$m^3$ 42796/- | 554/- |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ - ശ്യാംകുമാർ.വി.സി<br>അളവു പുസ്തകം - 206/19-20<br>FTO-42759/15.05.20 (ക്യൂബിൽ) | | | | | |
| | 11-ാം വാർഡിൽ മൂലശ്ശേരി മുതൽ ബോർമ്മ പാലം വരെ കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-278160<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 136/19-20<br>FTO-531027/28.01.20 | $27m^3$/<br>2250/$M^3$<br>58230/- | $25.88m^3$ | $24.97m^3$<br>56182/- | 2048/- | |
| | 11-ാം വാർഡിൽ LFH ഗ്രൌണ്ട് മുതൽ നാലുപറ കുഞ്ഞുമോൻ വരെ റോഡ് കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-292700<br>കരാറുകാരൻ - ദേവസ്യ | $25m^3$/<br>2300/$M^3$<br>56166/- | $24.42m^3$ | $23.12m^3$<br>53176/- | 2990/- | |

| | | | | |
|---|---|---|---|---|
| സെബാസ്റ്റ്യൻ<br>അളവു പുസ്തകം -138/19-20<br>FTO-531049/28.01.20 | | | | |
| | | ആകെ | | 5592/- |

<u>2.കരാറുകാരൻ സപ്ലൈ ചെയ്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ അധികം അളവ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നു.</u>

2019-20 വർഷം MGNREGS ൽ ഉൾപ്പെടുത്തി നിർവ്വഹിച്ച കോൺക്രീറ്റ് പ്രവർത്തികളിൽ ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന് കരാറുകാരൻ നൽകിയിട്ടുള്ള ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിനെക്കാൾ അധികം അളവുപുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പടുത്തി ആ അളവിൽ നിന്നും നിയമാനുസൃതമായ വോയിഡ്സും കൺസോളിഡേഷനും കുറവ് ചെയ്താണ് മൂല്യം തിട്ടപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ അളവു രേഖപ്പെടുത്തിയിട്ടുള്ള ചില പ്രവർത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് / കരാറുകാരന്റെ പേര്./വർക്ക് കോഡ്/ ചെലവ് വിവരം. | കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം സപ്ലൈ ചെയ്ത 40mm മെറ്റലിന്റെ അളവ് | അളവുപുസ്തകം പ്രകാരം സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവ് |
|---|---|---|---|
| 1. | 3-ാം വാർഡിൽ വാടപ്പറമ്പ് മുതൽ സൊസൈറ്റി വരെ റോഡ് കോൺക്രീറ്റിംഗ്.<br>വർക്ക് കോഡ് നം.RC-292405<br>കരാറുകാരൻ - ശ്യാംകുമാർ.വി.സി | $22.54m^3$ | 23.40 |

| | | | | |
|---|---|---|---|---|
| | | അളവു പുസ്തകം - 206/19-20<br>FTO-42759/15.05.20 (ക്യൂബിൽ) | | |
| | 2. | 11-ാം വാർഡിൽ മൂലശ്ശേരി മുതൽ ബോർമ്മ പാലം വരെ കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-278160<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 136/19-20<br>FTO-531027/28.01.20 | $27m^3$ | $28.55m^3$ |
| | 3. | 11-ാം വാർഡിൽ LFH ഗ്രൗണ്ട് മുതൽ നാലുപറ കുഞ്ഞുമോൻ വരെ റോഡ് കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-292700<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ | $25m^3$ | $26.975m^3$ |

| | | | |
|---|---|---|---|
| | അളവു പുസ്തകം - 138/19-20<br>FTO-531049/28.01.20 | | |

മേൽ രേഖപ്പെടുത്തിയ വസ്തുതകളിൽ നിന്നും, പ്രവർത്തി നിർവ്വഹണത്തിനായി കരാറുകാരൻ യഥാർത്ഥത്തിൽ വിതരണം ചെയ്തതുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിൽ ആണ് പ്രവർത്തി നിർവ്വഹണത്തിന്റെ ആധികാരിക രേഖയായ അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/2019-20/തീയതി.05.01.2022), റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ്, പ്രവർത്തി സ്ഥലത്ത് സ്റ്റാക്ക് ചെയ്തതിന് ശേഷം അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, എം ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ പ്രകാരം ടി പ്രവർത്തികൾക്ക് ഉപയോഗിച്ച മെറ്റീരിയൽസിന്റെ അളവ് 7.5% വോയിഡ്സ് കുറവ് ചെയ്താണ് തുക നൽകിയതെന്നും, കൂടുതലായി സപ്ലൈയർ കൈപ്പറ്റിയ തുക തിരിച്ച് അടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

അധികം നൽകിയ 5592/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ (MGNREGS) എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## <u>1-22 കയർഭൂവസ്ത്രം വിരിച്ചതിന് മുള വാങ്ങിയത് - ക്വട്ടേഷനില്ലാതെ വാങ്ങൽ നടത്തി -</u>

2019-20 വർഷം വിവിധ വാർഡുകളിൽ നടത്തിയിട്ടുള്ള തോട് ആഴം കൂട്ടി കയർഭൂവസ്ത്രം ഉപയോഗിച്ച് മാടി പിടിപ്പിക്കൽ എന്ന പ്രവർത്തികളിൽ കയർഭൂവസ്ത്രം മുളയാണി ഉപയോഗിച്ച് ഉറപ്പിക്കുന്നതിന് മുള വാങ്ങിയതിന് ഒരു മുളയ്ക്ക് 150/-രൂപ നിരക്കിൽ ആകെ സപ്ലൈ ചെയ്ത മുളയുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തുക കണക്കാക്കി ഓരോ പ്രവർത്തിയിലും മേറ്റ്മാർ തുക കൈപ്പറ്റിയിട്ടുണ്ട്.തുക മേറ്റുമാരുടെ അക്കൌണ്ടിലേക്കാണ് നൽകിയിട്ടുള്ളത് . ഈ തുക മുള സപ്ലൈ ചെയ്തയാൾക്ക് നൽകിയതായി കാണിച്ച് ഒരു രസീത് മേറ്റ്മാർ ഇവരിൽ നിന്നുംവാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഒരു പ്രവർത്തിയിൽ പോലും, ഇപ്രകാരം മുള സപ്ലൈ ചെയ്ത ആളുകളുടെ അക്കൌണ്ടിലേക്കല്ല തുക നൽകിയിട്ടുള്ളത്. ഒരു പ്രവർത്തിയിൽ പോലും മുള സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടില്ല. ഇപ്രകാരം ക്വട്ടേഷനില്ലാതെ മുള വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.16/2019-20/തീയതി.06.01.2022), 14-09-18 ലെ 2679/ഇ.ജി.എസ്സ്-സി/17/

ആർ.ഇ.ജി.എസ്സ് ഉത്തരവ് പ്രകാരം 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താം എന്നതിനാലാണ് ക്വട്ടേഷനില്ലാതെ മുള വാങ്ങിയതെന്നും, ഇനിയുള്ള പ്രവർത്തികൾ ക്വട്ടേഷൻ വിളിച്ചു നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. മെറ്റീരിയൽ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പ്രവർത്തിയുടെ ആരംഭത്തിൽ തന്നെ മുള സപ്ലൈ ചെയ്യുന്ന ആൾക്ക് മേറ്റുമാർ മുൻകൂറായി തുക നൽകിയാണ് മുള വാങ്ങുന്നതെന്നും ആയതിനാലാണ് തുക മേറ്റുമാരുടെ അക്കൌണ്ടിലേക്ക് നൽകുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ (പി) 177/06 Fin.Dt. 12-04-06 ലെ ഉത്തരവു പ്രകാരം 1000/- രൂപയക്ക് മേലുള്ള തുകകൾ പണമായി നൽകാൻ പാടില്ലായെന്നിരിക്കെ, ആയതിന് വിരുദ്ധമായി മൂന്നാമതൊരു വ്യക്തിക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ പണം നൽകി എന്നത് അംഗീകരിക്കാവുന്നതല്ല.മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉത്തരവിൽ സൂചിപ്പിച്ച പോലെ 5000/- രൂപയിൽ താഴെയുള്ള വാങ്ങലുകൾ ക്വട്ടേഷനില്ലാതെ നടത്താമെങ്കിലും, ഏകദേശം 100 ലേറെ പ്രവർത്തികൾ ഒരുമിച്ച് നിർവ്വഹിക്കുമ്പോൾ, ആയത് ക്വട്ടേഷനിലൂടെ നിർവ്വഹിച്ചാൽ മത്സരാധിഷ്ഠിത ക്വട്ടേഷനിലൂടെ കുറഞ്ഞ നിരക്കിൽ പ്രവർത്തി നിർവ്വഹിക്കപ്പെടാനും, അതിലൂടെ ഈയിനത്തിലെ അധിക ചെലവ് ഒഴിവാക്കാനും കഴിയുമായിരുന്നു. എന്നാൽ ആയത് ചെയ്യാതെ പ്രവർത്തി നിർവ്വഹിച്ചത് നിർവ്വഹണത്തിലെ സുതാര്യത ഇല്ലാതാക്കി.ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾ- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

1961 ലെ കേന്ദ്ര ആദായനികുതി നിയമത്തിലെ 194 (C) വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് കരാറുകാരനിൽ നിന്നും1% ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കാവാലം ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കോൺക്രീറ്റിംഗ് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് മെറ്റീരിയൽ സപ്ലൈചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. ഇപ്രകാരം ആദായനികുതി ഈടാക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയ ചില പ്രവർത്തികളുടെ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദവിവരം | സപ്ലൈചെയ്ത മെറ്റീരിയലിന്റെ ആകെ തുക | ഈടാക്കേണ്ട ആദായ നികുതി | നൽകിയ തുകയുടെ വിശദവിവരം |
|---|---|---|---|
| 3-ാം വാർഡിൽ വാടപ്പുറമ്പ് മുതൽ സൊസൈറ്റി വരെ റോഡ് കോൺക്രീറ്റിംഗ്. വർക്ക് കോഡ് നം.RC-292405 കരാറുകാരൻ - ശ്യാംകുമാർ.വി.സി അളവു പുസ്തകം - 206/19-20 | 283786/- | 2837/- | FTO-42759/15.05.20 (ക്യൂബിൽ) |
| 11-ാം വാർഡിൽ മൂലശ്ശേരി മുതൽ ബോർമ്മ പാലം വരെ കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-278160 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ | 350068/- | 3501/- | FTO-531027/28.01.20 |

| | | | |
|---|---|---|---|
| അളവു പുസ്തകം - 136/19-20 | | | |
| 5- ാം വാർഡിൽ തട്ടാന്തറ മുതൽ ഗവ.ആശുപത്രി വരെ റോഡ് കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-306892 കരാറുകാരൻ - ജോമോൻ തോമസ്. അളവു പുസ്തകം - 253/19-20 | 385463/- | 3854/- | FTO-42855/15.05.20 ക്യൂബിൽ |
| 4-ാം വാർഡിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം. വർക്ക് കോഡ് നം.RC-276615 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ അളവു പുസ്തകം - 63/19-20 | 323273/- | 3232/- | FTO-396394/03-12-19 |
| 11-ാം വാർഡിൽ LFH ഗ്രൌണ്ട് മുതൽ നാലുപറ | 310004/- | 3100/- | FTO-531049/28.01.20 |

| | | | |
|---|---|---|---|
| കുഞ്ഞുമോൻ വരെ റോഡ് കോൺക്രീറ്റിംഗ്- വർക്ക് കോഡ് നം.RC-292700 കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ അളവു പുസ്തകം - 138/19-20 | | | |
| | | 16524/- | |

മേൽ രേഖപ്പെടുത്തിയ പ്രകാരം ആദായ നികുതി കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/2019-20/തീയതി.05.01.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 16524/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ (MGNREGS) എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## <u>3-2 MGNREGS- കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിലുള്ള ഭൂവിസ്തൃതിയിൽ പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി-</u>

2019-20 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർഭൂവസ്ത്രം വിരിക്കൽ എന്ന ഇനം ജോലി നിർവ്വഹിച്ചപ്പോൾ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാവുന്നതിനെക്കാൾ അധികം തുക ചെലവഴിച്ചതായി കണ്ടു. കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ)തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം 2.5 മീറ്റർ വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ

അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്.എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.നം.80.8.63ൽ, ച.മീറ്ററിന് 66.666 രൂപ നിരക്കിൽ നല്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദ വിവരം/ വർക്ക് കോഡ് / M-Book No./ | ഭൂവസ്ത്രം വാങ്ങിയത്. (ചതു.മീറ്റർ) | 1m2 വിരിക്കുന്നതിന് 1.05m2 എന്ന നിരക്കിൽ ഭൂവസ്ത്രം വിരിക്കാവുന്ന പരമാവധി വിസ്തൃതി.($M^2$ ) (ഭൂവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം | ചെലവ് വിവരം. |
|---|---|---|---|---|---|---|---|
| 1 | 12-ാംവാർഡ് തിരുവിളങ്ങാട് മുതൽ തോപ്പിൽ വരെ കട്ടക്കുഴി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353125, 41/2019-20 | 1600 | 1523 | 106665 | 101532 | 5133 | FTO- No. 410053/08.12.19/ Rs.109200/- |
| 2 | 11-ാംവാർഡ്40ൽ മുതൽ കുന്നുമ്മത്ര ചിറത്തറവരെ പാത്തടി പാടശേഖരത്തിന്റെ ബണ്ട് കയർ | 1200 | 1142 | 79999 | 76132 | 3867 | FTO- No. 410053/08.12.19/ Rs.81900/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353177, 47/2019-20 | | | | | | |
| 3 | 11-ാംവാർഡ് ചിറത്തറ മുതൽ വികാസ് റോഡ് വരെ പാത്തടി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353179, 44/2019-20 | 1400 | 1333 | 93332 | 88865 | 4467 | FTO- No. 410053/08.12.19/ Rs.95550/- |
| 4 | 11-ാംവാർഡ് മണലേരിക്കൽ മുതൽ വികാസ് റോഡ് വരെ പാത്തടി പാടശേഖരത്തിന്റെ ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തൽ FP-353178, 46/2019-20 | 1300 | 1238 | 86665 | 82532 | 4133 | FTO- No.410053/08.12.19/Rs.88725/- |
| | ആകെ | | | | | 17600 | |

അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.16/2019-20/തീയതി.06.01.2022) ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ വേതനം തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ കോൺക്രീറ്റ് പ്രവർത്തികൾക്ക് അധികം തുക ചെലവഴിച്ചു-

1. 40mm മെറ്റൽ ഉപയോഗിച്ചു കോൺക്രീറ്റിംഗ് പ്രവർത്തികളിൽ വോയിഡ്സ് കുറവ് ചെയ്യാതെ തുക നൽകി-

MGNREGS ൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ കോൺക്രീറ്റിംഗ് പ്രവർത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്യാതെ തുക നൽകിയത് മൂലം അധിക ചെലവുണ്ടായതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിശദാംശം | ബിൽ പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത 40 Mm മെറ്റലിന്റെ അളവ്./ നിരക്ക്/ നൽകിയ തുക | എം ബുക്കിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 40 Mm മെറ്റലിന്റെ അളവ് | 7.5% വോയിഡ്സ് കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവ്/തുക | അധികം നൽകിയ തുകയുടെ വിവരം |
|---|---|---|---|---|
| 3-ാം വാർഡിൽ വാടപ്പറമ്പ് മുതൽ സൊസൈറ്റി വരെ റോഡ് കോൺക്രീറ്റിംഗ്. വർക്ക് കോഡ് നം.RC-292405 | 22.54/$M^3$/ 2053.57/$M^3$/ 43350/- | 21.11$m^3$ | 20.84$m^3$ 42796/- (21.11x2053.57) | 554/- |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ശ്യാംകുമാർ.വി.സി<br>അളവു പുസ്തകം - 206/19-20<br>FTO-42759/03-04-21 | | | | |
| | 11-ാം വാർഡിൽ മൂലശ്ശേരി മുതൽ ബോർമ്മ പാലം വരെ കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-278160<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ<br>അളവു പുസ്തകം - 136/19-20<br>FTO-531027/03-04-21 | $27m^3$/<br>$2250/M^3$<br>58230/- | $25.88m^3$ | $24.97m^3$<br>56182/-<br>$(24.97x2250/M^3)$ | 2048/- |
| | 11- ാം വാർഡിൽ LFH ഗ്രൗണ്ട് മുതൽ നാലുപറ കുഞ്ഞുമോൻ വരെ റോഡ് കോൺക്രീറ്റിംഗ്-<br>വർക്ക് കോഡ് നം.RC-292700<br>കരാറുകാരൻ - ദേവസ്യ സെബാസ്റ്റ്യൻ | $25m^3$/<br>$2300/M^3$<br>56166/- | $24.42m^3$ | $23.12m^3$<br>53176/-<br>$(23.12m^3x2300/M^3)$ | 2990/- |

| | | | | |
|---|---|---|---|---|
| അളവു പുസ്തകം - 138/19-20<br>FTO-531049/03-04-21 | | | | |
| | | ആകെ | | 5592/- |

അധികം നൽകിയ 5592/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.അല്ലാത്തപക്ഷം ആയത് സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ (MGNREGS) എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2500000 | ലൈഫ് ഭവന പദ്ധതി | 2076162 | 423838 |
| | 2019-20 | 100000 | വൃദ്ധർക്ക് കട്ടിൽ | 97883 | 2117 |
| | 2019-20 | 100000 | സാന്ത്വന പരിചരണം | 66679 | 33321 |
| | 2019-20 | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | | 2800000 | | 2240724 | 459276 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അംഗനവാടി പോഷകാഹാര പദ്ധതി | 100000 | 0 |
| | 2019-20 | 100000 | സ്കോളർഷിപ്പ് | 52000 | 48000 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 200000 | | 152000 | 48000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ ആർ.ഒ. പ്ലാന്റുകൾക്ക് വൈദ്യുത കണക്ഷൻ | - | 35694 | 0 | 35694 |
| കെ.എസ്.ഇ.ബി. | കെ.എസ്.ഇ.ബി. ലൈൻ മാറ്റി സ്ഥാപിക്കൽ | - | 35172 | 0 | 35172 |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ ആർ.ഒ. പ്ലാന്റ് വൈദ്യുതീകരണം. | - | 38400 | - | 38400 |
| കെ.എസ്.ഇ.ബി. | അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ | - | 17782 | - | 17782 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ - വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | 2724100 | 9363953 | 911765 | | 8452188 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

**ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.4.1.3.2 | 2009-11 | 163 | പട്ടികജാതി കുംടുംബങ്ങൾക്ക് സി. എഫ്. എൽ. ലാബ് വിതരണം | ഡി.സി.ആർ.ജി യിൽ നിന്നും 40400രൂപ അടവാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം 2019-20**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43654480 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42783995 |
| വരവിനങ്ങളിലുള്ള നഷ്ടം | **ഇല്ല** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **39716** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 676133 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 54855 | റാഷിദ.എ,സെക്രട്ടറി |
| 1-11 | 44230 | അജിതകുമാരി.എൽ,സെക്രട്ടറി |
| 1-12 | 35694 | രാജശേഖരൻ.എസ്, സെക്രട്ടറി- ഇൻ-ചാർജ് |
| 1-13 | 35172 | റാഷിദ.എ,സെക്രട്ടറി |
| 1-14 | 38400 | അജിതകുമാരി.എൽ,സെക്രട്ടറി |
| 1-15(എ) | 450000 | രാജശേഖരൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 17782 | രാജശേഖരൻ.എസ്, സെക്രട്ടറി- ഇൻ-ചാർജ് |
| ആകെ | 676133 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 16524 | അജിതകുമാരി, സെക്രട്ടറി (4429/-)<br>രാജശേഖരൻ.എസ്, അസി.സെക്രട്ടറി (5510/-)<br>അശ്വതി, അക്രഡിറ്റഡ് എഞ്ചിനീയർ (5508/-)<br>റാഷിദ, സെക്രട്ടറി (1077/-) |
| 1-20 | 17600 | റാഷിദ, സെക്രട്ടറി (5867/-)<br>രാജശേഖരൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി (5867/-)<br>അശ്വതി, അക്രഡിറ്റഡ് എഞ്ചിനീയർ (5866/-) |
| 1-21 (1) | 5592 | റാഷിദ, സെക്രട്ടറി (1865/-)<br>രാജശേഖരൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി (1865/-)<br>അശ്വതി, അക്രഡിറ്റഡ് എഞ്ചിനീയർ (1862/-) |
| ആകെ | 39716 | |

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| റാഷിദ.എ, സെക്രട്ടറി | വിരമിച്ചു | കാട്ടുങ്കൽ ഹൌസ്, സിവിൽ സ്റ്റേഷൻ.പി.ഒ, ആലപ്പുഴ |
| അജിതകുമാരി.എൽ, സെക്രട്ടറി | സെക്രട്ടറി മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | നടുവിലേപ്പറമ്പ് കരിക്കാട് പി ഒ തണ്ണീർമുക്കം |
| രാജശേഖരൻ.എസ്, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | തിരുവാതിര, കളർകോട് സനാതനപുരം പി ഒ ആലപ്പുഴ |
| അശ്വതി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ കാവാലം ഗ്രാമപഞ്ചായത്ത് | പഞ്ചമിയിൽ നോർത്ത് ആര്യാട്.പി.ഒ. ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.എ.10/1402/87 തീയതി,11.02.88 |
| 1985-86 | എൽ.എഫ്.എ.10/1067/88 തീയതി,09.03.89 |
| 1986-87 | എൽ.എഫ്.എ.10/1171/89 തീയതി, 10.10.89 |
| 1987-88 | എൽ.എഫ്.എ.10/246/91 തീയതി, 31.02.1991 |

| | |
|---|---|
| 1989-90 | എൽ.എഫ്.എ.10/1552/91 തീയതി, 7.2.91 |
| 1990-91 | എൽ.എഫ്.എ.10/994/92 തീയതി, 11.2.92 |
| 1991-92, 92-93 | എൽ.എഫ്.എ.10/420/93 തീയതി, 18.5.03 |
| 1993-94, 94-95 | എൽ.എഫ്.എ.10/663/98 തീയതി 17.5.09 |
| 1997-98 (ചെലവ്) | എൽ.എഫ്.എ.14/92/01/21.04.01/5.7.01 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 2002-03 (ചെലവ്) | എൽ.എഫ്. ജി.എ5/1832/11/8.2.12 |
| 2003-04 (ചെലവ്) | എൽ.എഫ്.ജി.എ5/1832/11/28.2.12 |
| 2006-07(ചെലവ്) | എൽ.എഫ്.എ.പി1/ ഡി.പി./298/11/24.6.11/31.3.11 |
| 2007-08 (ചെലവ്) | എൽ.എഫ്.എ.പി1/ ഡി.പി./299/11/27.6.11/31.7.11 |
| 2008-09, 2009-10, 10-11 | എൽ.എഫ്.എ.പി.10/837/2012/14.2.12 |
| 2011-12,12-13 | എൽ.എഫ്.എ.പി.10/489/14/3.6.14/15.7.14 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി.10-1569/15, 23.12.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി.10/838/2016/30.7.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി.10/47/2017/24.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി10-1314/17 തീയതി, 04.11.2017 |

| | |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി10-577/19 തീയതി, 29.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി10-789/2020 തീയതി, 11.01.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്